എസ്.വൈ.3/9518/2010/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 15-6-2012.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം-സീനിയോരിറ്റി-1-1-2006 മുതൽ 31-12-09 വരെ നിയമിതരായ എൽ.ഡി.ക്ലാർക്കുമാരുടെ പുതുക്കിയ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന:- 14-12-2011-ലെ ഈ ഓഫീസിലെ ഇതേ നം.സർക്കുലർ.

പൊതു വിദ്യാഭ്യാസ വകുപ്പിൽ 1-1-2006 മുതൽ 31-12-2009 വരെ നിയമിതരായ എൽ.ഡി.ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിൻപ്രകാരം പ്രസ്തുത ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തുവാനായി വളരെയധികം സർവ്വീസ് കാർഡുകൾ ലഭിച്ചു. ആയതിനാൽ പ്രസ്തുത താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പുതുതായി ലഭിച്ച സർവ്വീസ് കാർഡിലെ വിവരങ്ങൾ കൂടി ചേർത്ത് പുതുക്കി പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ലിസ്റ്റ് ഈ സർക്കുലറിനോട് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-1-2006 മുതൽ 31-12-2009 വരെ പി.എസ്.സി.മുഖാന്തിരം അഡ്വൈസ് ചെയ്യപ്പെട്ടവരുടെയും, സേവനകാലയളവിൽ കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം നിയമന ഉത്തരവ് ആയിട്ടുള്ളവരുടെയും, അന്തർജില്ലാ വകുപ്പ് സ്ഥലംമാറ്റം പ്രകാരം പുതിയ ജില്ലയിൽ/വകുപ്പിൽ ജോലിയിൽ ചേർന്നിട്ടുള്ളവരുടെയും ലിസ്റ്റാണ് പുറപ്പെടുവിക്കുന്നത്. കൂടാതെ 2-12-91-ലെ ജി.ഒ(പി) 36/91/പി.ആന്റ് എ.ആർ.ഡി.ഉത്തരവിൽ നിഷ്ക്കർഷിക്കുന്നതു പ്രകാരം മേൽ കാലയളവിൽ അഞ്ചു വർഷം പൂർത്തിയാകാതെ അന്തർജില്ലാ/വകുപ്പ് സ്ഥലംമാറ്റം നേടിയിട്ടുള്ള ജീവനക്കാർക്ക് അവരുടെ മാതൃ ജില്ലയിൽ/വകുപ്പിൽ തുടരുമായിരുന്നെങ്കിൽ അഞ്ചു വർഷം പൂർത്തിയാക്കുന്ന തീയതിയിൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ ലിസ്റ്റിനെക്കുറിച്ച് എന്തെങ്കിലും പരാതികൾ/ആക്ഷേപങ്ങൾ ഉള്ളവർ അവ 30 ദിവസത്തിനകം ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ മുഖേന ബന്ധപ്പെട്ട വിദ്യാഭ്യാസ

ഉപയറക്ടർക്ക് സേവനപുസ്തകത്തോടൊപ്പം സമർപ്പിക്കേണ്ടതും, ഉപഡയറക്ടർമാർ റിപ്പോർട്ട് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനുള്ളിൽ പരാതികളൊന്നും തന്നെ ലഭിച്ചില്ലെങ്കിൽ ലിസ്റ്റ് അന്തിമപ്പെടുത്തുന്നതുമായിരിക്കും.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്–

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും. ***
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. സെക്രട്ടറി, പരീക്ഷാഭവൻ.
4. ഡയറക്ടർ, എസ്.സി.ആർ.റ്റി.
5. ടെക്സ്റ്റ് ബുക്ക് ആഫീസർ, തിരുവനന്തപുരം.
6. എല്ലാ ഡയറ്റ്, ആർ.ഐ.എൽ.റ്റി.പ്രിൻസിപ്പൽമാർക്കും
7. സ്റ്റോക്ക് ഫയൽ.

(2–6: വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള നിർദ്ദേശം കൂടി പാലിക്കേണ്ടതാണ്.)

*** പുതുക്കിയ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിനോടൊപ്പം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ലിസ്റ്റു കൂടി ചേർത്തിരിക്കുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ഓരോരുത്തരുടേയും സേവനപുസ്തകവുമായി ഒത്തുനോക്കേണ്ടതും, വ്യത്യാസമെന്തെങ്കിലുമുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകം ഉൾപ്പെടെ വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്. ചില ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച ശേഷം പ്രൊബേഷൻ കാലം പൂർത്തിയാക്കാതെ ശമ്പള രഹിത അവധിയിൽ പ്രവേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള ജീവനക്കാർക്ക് അവർ ജോലിയിൽ തിരികെ പ്രവേശിക്കുന്ന തീയതി മുതൽക്കു മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ. സേവനപുസ്തകം പരിശോധിക്കുമ്പോൾ ഇക്കാര്യം കൂടി പരിശോധിക്കേണ്ടതാണ്. ലിസ്റ്റ് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിനു കീഴിലുള്ള എല്ലാ സബ് ഓഫീസുകൾക്കും, സ്കൂളുകൾക്കും നൽകുകയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഏതെങ്കിലും ജീവനക്കാരുടെ പേരുവിവരം വിട്ടുപോയിട്ടുണ്ടെങ്കിൽ നിർദ്ദിഷ്ട ഫോറത്തിലുള്ള സർവ്വീസ് കാർഡുകൾ സഹിതം സേവനപുസ്തകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.